

INDIAN CATHOLIC COMMUNITY

Tivoligasse 20, A-1120 Vienna, Austria, Tel: +43 1 8174206 Mobile: 06991196677 1

ഇന്ത്യൻ കത്തോലിക്കാ സമൂഹം വിയന്ന



ICC Bulletin Vol. 5. 3 www.iccvienna.org September-October 2010

# Message of the Chaplain

പുതിയൊരു അദ്ധ്യയന വർഷത്തേക്ക് നമ്മൾ പ്രവേശിച്ചിരിക്കുകയാണല്ലോ. ദൈവം നമുക്ക് ഓരോരുത്തർക്കും, നമ്മുടെ കുടുംബങ്ങൾക്കും, ഇടവകയ്ക്കും നൽകിയ എല്ലാ അനുഗ്രഹങ്ങൾക്കും നമുക്ക് നന്ദി പറയാം. അവിടത്തോടുകൂടിയുള്ള നമ്മുടെ സഹയാത്രയിലെ സന്തോഷത്തിന്റേയും, ദു:ഖത്തിന്റേയും അനുഭവ നിമിഷങ്ങൾക്ക് നമുക്ക് അവിടത്തെ സ്തുതിക്കാം. ''അത്യുന്നതന്റെ സംരക്ഷണമുള്ളവനും, ദൈവത്തിന്റെ തണലിൽ ജീവിക്കുന്നവനും ഭാഗ്യവാനാണ്'' എന്ന സങ്കീർത്തന വചനം നൽകുന്ന ആത്മധൈര്യത്തോടെ നമ്മുടെ പാദങ്ങൾക്ക് വിളക്കും, വഴികളിൽ പ്രകാശവുമായ യേശുവിന്റെ സാമിപ്യത്തേയും, സാന്നിദ്ധ്യത്തേയും നമ്മുടെ കൗദാശിക ജീവിതത്തിൽ ആവോളം അനുഭവിക്കുവാൻ നമുക്ക് ഭാഗ്യമുണ്ടാകട്ടെ. വി. ആഗസ്തീനോസ് പറയുന്നതുപോലെ, നമ്മുടെ അന്തരാത്മാവിനേക്കാൾ തീവ്രമായി നമ്മെ അടുത്തറിഞ്ഞ് സ്നേഹിക്കുന്ന ദൈവാത്മാവിന്റെ അഭിഷേക ചൈതന്യം നമ്മുടെ ജീവിതത്തിന്റെ സമസ്ത മാനങ്ങളേയും, കർമ്മ വേദികളേയും, അവസ്ഥകളേയും കൃപാപൂർണ്ണമാക്കട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം.

നമ്മുടെ ഇടവകയെ സംബന്ധിച്ച് സുപ്രധാനമായ താഴെപ്പറയുന്ന കാര്യങ്ങളിലേയ്ക്ക് നിങ്ങളുടെ ശ്രദ്ധയും, സഹകരണവും അഭ്യർത്ഥിക്കുന്നു.

1). <u>ജോയി അച്ചന് സ്വാഗതം</u>. നമ്മുടെ മലയാളി ഇടവകയുടെ അസിസ്റ്റന്റ് ചാപ്ലെയിൻ ആയി നിയമിതനായിരിക്കുന്ന ബഹുമാനപ്പെട്ട ജോയി പ്ലാത്തോട്ടത്തിൽ അച്ചന് നമ്മുടെ ഇടവക സമൂഹത്തിലേയ്ക്ക് ഹാർദ്ദവമായ സ്വാഗതം. ദൈവവചന സഭാംഗമായ (SVD) ജോയിയച്ചന്റെ പ്രസന്നമായ സാന്നിദ്ധ്യവും, തീഷ്ണമായ അജപാലന ശുശ്രൂഷയും നമ്മുടെ ഇടവകയുടെ കൂട്ടായ്മയ്ക്കും, ആത്മീയ വളർച്ചയ്ക്കും നമ്മുടെ ബാലികാ ബാലന്മാരുടേയും, യുവതീ യുവാക്കളുടേയും പ്രത്യേക പരിപോഷണത്തിനും ഉപകാരപ്രദമാകട്ടെയെന്ന് ആശംസിക്കുന്നു. അച്ചന്റെ അജപാലന ശുശ്രൂഷകൾക്ക് നമ്മുടെ ഏവരുടേയും പ്രോത്സാഹനവും, സഹകരണവും നൽകാം. ജോയിയച്ചനിലൂടെ ദൈവം നമ്മുടെ ഇടവകയെ സമൃദ്ധിയിലേയ്ക്ക് നയിക്കട്ടെ. കഴിഞ്ഞ ഏതാനും വർഷങ്ങളിൽ നമ്മുടെ ഇടവകയിൽ സ്തുത്യർഹമായ അജപാലന സേവനം നടത്തിയ നമ്മുടെ പ്രിയപ്പെട്ട തോമസ്സ് മാത്യു അച്ചനെ എന്നെന്നും നമുക്ക് നന്ദിയോടെ സ്മരിക്കാം.

2). <u>ഒക്ടോബർ ഫെസ്റ്റ്</u>. വളരെ ആവേശപൂർവ്വം നമ്മൾ കാത്തിരിക്കുന്ന ഒക്ടോബർ മാസത്തെ തിരുനാൾ അടുത്തുവരികയാണല്ലോ. ജപമാല രാജ്ഞിയായ മാതാവിനേയും, വി. അൽഫോൻസാമ്മയേയും സ്നേഹ തീഷ്ണതയോടെ വണങ്ങുന്നതിനും അവരുടെ പ്രാർത്ഥനാ മാദ്ധ്യസ്ഥം തേടുന്നതിനുമുള്ള അസുലഭാവസരമാണ് നമ്മൾ ആഘോഷിക്കാൻപോകുന്ന തിരുനാൾ. ഒക്ടോബർ മൂന്നിന് ഞായറാഴ്ച ഉച്ചകഴിഞ്ഞ് രണ്ടര മണിക്ക് നമ്മുടെ ഇടവക ദേവാലയമായ മരിയ ലൂർദ്ദ് പള്ളിയിൽ ആഘോഷമായ വിശുദ്ധ കുർബ്ബാനയോടെ നമ്മുടെ ആഘോഷങ്ങൾ ആരംഭിക്കുന്നു. വി. അൽഫോൻസാമ്മയുടെ നൂറാം ജന്മദി ന അനുസ്മരണത്തിന്റെ കൃതജ്ഞതാസ്തോത്ര ബലിയാണത്. ഈയവസരത്തിൽ, നമ്മുടെ ഇടവകയുടെ മൂന്ന് നിയോഗങ്ങൾ ഈ മലയാളി വിശുദ്ധയുടെ കരങ്ങളിലൂടെ മാതാവ് വഴി ഈശോയ്ക്ക് അർപ്പിക്കുവാൻ നമ്മൾ ആഗ്രഹിക്കുന്നു:

1) നമ്മുടെ ഇടവകയിലെ രോഗികൾക്ക് പൂർണ്ണമായ രോഗശാന്തിയും ആരോഗ്യവും ലഭിക്കുക.

2) നമ്മുടെ ഇടവകയിലെ കുടുംബങ്ങൾ ക്രിസ്തീയ വിശ്വാസ പൈതൃകത്തിലും, ഇടവകക്കൂട്ടായ്മയിലും അടിയുറച്ച് വളർന്ന് സമ്പന്നമാവുക.

3) നമ്മുടെ ഇടവകയിലെ യുവതീ യുവാക്കൾ ക്രിസ്തീയ വിശ്വാസത്തിൽ നിലനിന്നുകൊണ്ട് കൗദാശിക ജീവിതാന്തസ്സ് സ്വീകരിക്കുവാൻ പ്രാപ്തരാവുക.

ഇതോടൊപ്പം നമ്മുടെ വ്യക്തിപരമായ നിയോഗങ്ങളും സമർപ്പിച്ചുകൊണ്ട് വിശ്വാസ തീഷ്ണതയോടെയും ഭക്തിയോടെയും നമുക്ക് ഈ തിരുനാൾ ആഘോഷിക്കാം.

ലൂർദ്ദ് മാതാവിന്റേയും, വി. അൽഫോൻസാമ്മയുടേയും അത്ഭുതകരമായ സാന്നിദ്ധ്യവും മാദ്ധ്യസ്ഥ ശക്തിയും നിറഞ്ഞ് നിൽക്കുന്ന നമ്മുടെ ഇടവക ദേവാലയത്തിൽനിന്നും പരസ്യമായി നടത്തപ്പെടുന്ന ജപമാല പ്രദക്ഷിണത്തെപ്പറ്റി മലയാളികളല്ലാത്ത മരിയൻ ഭക്തരേയും അറിയിക്കുവാൻ നമുക്ക് ശ്രമിക്കാം. തിരുനാൾ നേർച്ചാസമർപ്പണം നമ്മുടെ കുടുബങ്ങളിലെ അദ്ധ്വാനത്തിന്റേയും സ്നേഹ ചൈതന്യത്തിന്റേയും സമർപ്പണാവിഷ്ക്കാരമാകട്ടെ. ഈ തിരുനാളിന്റെ വിജയത്തിനായി ശ്രമിക്കുന്ന സകല ഇടവകാംഗങ്ങളേയും, സന്നദ്ധ സേവകരേയും, ശുശ്രൂഷകരേയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

3). <u>മതബോധനം:</u> നമ്മുടെ ഇടവകയുടെ പ്രധാനമായ ദൗത്യങ്ങളിലൊന്ന് നമ്മുടെ യുവതലമുറയുടെ വിശ്വാസ പരിശീലനമാണ്. മാതാപിതാക്കളാണ് ഇക്കാര്യത്തിൽ ഏറ്റവും ഉത്തരവാദിത്വമുള്ളവരെന്നാണ് കത്തോലിക്കാ സഭ ഉദ്ബോധിപ്പിക്കുന്നത്. ആയതിനാൽ, മാതാപിതാക്കളുടെ സജീവമായ സഹകരണത്തോടെ കുട്ടികളുടെ മതബോധന പദ്ധതി നമ്മുടെ ഇടവകയിൽ ഏറ്റവും കാര്യക്ഷമമായി നടത്തുവാൻ നമുക്ക് ശ്രമിക്കാം. മക്കളുടെ

വിശ്വാസ പരിശീലന കാര്യത്തിൽ മാതാപിതാക്കൾ യാതൊരു അലംഭാവവും കാണിക്കരുത്. നിങ്ങളുടെ മക്കളുടെ ഭാവിജീവിതം ഭദ്രവും ഭാഗ്യപൂർണ്ണവുമാകണമെങ്കിൽ ദൈവം നമ്മുടെ ഇടവകയിലൂടെ നൽകുന്ന അവസരങ്ങൾ നന്നായി ഉപയോഗിക്കുക. വിയന്നായിലെ മലയാളി കത്തോലിക്കാ കുടുംബങ്ങളിലെ 6 വയസ്സുമുതൽ 15 വയസ്സുവരെ പ്രായമുള്ള എല്ലാ കുട്ടികളേയും നമ്മുടെ ഇടവകയുടെ മതബോധന വേദിയിലേയ്ക്ക് കൊണ്ടുവരുവാൻ മാതാപിതാക്കൾക്ക് വളരെ ഗൗരവമായ കടമയുണ്ടെന്ന കാര്യം ഓർമ്മിക്കുമല്ലോ. നമ്മുടെ പരിശ്രമങ്ങളെ ദൈവം അനുഗ്രഹിക്കട്ടെ.

4). <u>കുട്ടികളുടെ കൂട്ടായ്മാ ദിനം:</u> വിശ്വാസ പരിശീലനം നേടുന്ന നമ്മുടെ ഇടവകയിലെ കുട്ടികളുടെ - Catechism Students- ഒരു ഏകദിന കൂട്ടായ്മാ സമ്മേളനം അടുത്ത ഒക്ടോബർ 30–ാം തിയതി നടത്തുവാൻ ഉദ്ദേശിക്കുന്ന കാര്യം അറിയിച്ചിരുന്നല്ലോ. നമ്മുടെ വിശ്വാസ സംസ്ക്കാരത്തിന് ആധാരമായ കൂട്ടായ്മയെപ്പറ്റിയുള്ള അറിവും, അവബോധവും, ബോദ്ധ്യങ്ങളും നൽകുകയാണ് നമ്മുടെ ലക്ഷ്യം. ഇക്കാര്യത്തിനായി മാതാപിതാക്കൾ തങ്ങളുടെ മക്കളെ പ്രോത്സാഹിപ്പിക്കുമല്ലോ. ഒക്ടോബർ 30ന് കാലത്ത് 9. 30ന് കുട്ടികൾ Gatterhölzl (Pfarre Gatterhölzl, Hohenbergstraße 42, 1120 Wien) പള്ളിയിലെ ഹാളിൽ എത്തേണ്ടതാണ്. 10 മണി മുതൽ ഉച്ചകഴിഞ്ഞ് 3 മണിവരെ ഉല്ലാസപ്രദമായ പരിപാടികൾ നടത്തുന്നു. മൂന്നുമണിക്കു ശേഷം അടുത്തുള്ള Schönbrunn ഗാർഡനിൽ Panorama Sightseeing Trainൽ ഉല്ലാസയാത്ര നടത്തുവാൻ ഉദ്ദേശിക്കുന്നു. ഏകദേശം 5. 30ന് കുട്ടികൾക്ക് വീട്ടിലേക്ക് തിരിച്ചുപോകാം. അന്നത്തെ ചെലവുകൾക്കായി ഓരോ കുട്ടിയും പത്ത് യൂറോ വീതം കൊണ്ടുവരേണ്ടതാണ്. ഇതേപ്പറ്റിയുള്ള വിശദ വിവരങ്ങൾ നമ്മുടെ Catechism Convener, Mr. Paul Maliekal നൽകുന്നതാണ്.

5). <u>ഇടവകകൂട്ടായ്മ</u>: വിവിധ കത്തോലിക്കാ സഭാവിഭാഗങ്ങളായ വിശ്വാസികളുടെ കൂട്ടായ്മയാണല്ലോ നമ്മുടെ കത്തോലിക്കാ ഇടവക. ഓരോ വിഭാഗത്തിലേയും അംഗങ്ങൾക്കും, കുടുംബങ്ങൾക്കും ആവശ്യമായ ആത്മീയ–അജപാലന ശുശ്രൂഷയും സഹായങ്ങളും ലഭ്യമാക്കുകയെന്നതാണ് നമ്മുടെ ഇടവകയുടെ ലക്ഷ്യം. മലയാളികളായ നമ്മുടെ ക്രിസ്തീയ സംസ്ക്കാരത്തിന്റെ ശക്തികേന്ദ്രം നമ്മുടെ ഇടവകയുടെ ആരാധനാനുഭവമായ വിശുദ്ധ കുർബ്ബാനയാണ്. കൃപയുടെ ഈ കൂട്ടായ്മാവേദിയിൽ നിന്ന് നമ്മുടെ കുടുംബ ജീവിതത്തിനും ഭാവിസുരക്ഷയ്ക്കും ആവശ്യമായ കൃപയും ശക്തിയും നമുക്ക് ആവോളം സ്വീകരിക്കാം. ദൈവം നമ്മെ ഓരോരുത്തരേയും, നമ്മുടെ കുടുംബങ്ങളേയും ഇടവകയേയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

സ്നേഹത്തോടെ, തോമസ്സച്ചൻ

*Please Note*: **Theme for the Bible Competition**: Study the faith history of St. Paul in the Acts of the Apostles. You must be able to write it in 40 minutes on the day of the test on Sunday 28th November after the Holy Mass both in Maria Lourdes and in Stadlau.

## Forthcoming Important Events

17th September: ICC Parish Committee Meeting at 7.30 PM in Maria Lourdes.

3rd October: Feast of Our Lady of Rosary & St. Alphonsa and Rosary Procession, beginning at 2.30 PM in Maria Lourdes. Rosary Procession begins at 4.00 PM.

2nd November: All Souls Day Memorial Mass at 7.30 PM in the Stadlau Kapelle.

25th, 26th ,27th November: Marriage Preparation Course, from 2.00 PM to 6.00 PM in Maria Lourdes.

N.B. +++ Kindly take the notices for the Rosary Procession and give it to your Non-Malayalee friends and invite them to join the Procession.

+++ Kindly inform Mr. Tomichan Parukannil in Meidling and Mr. Steephen Chevookaran in Stadlau about the type of the food item –Nercha- you would like to bring for the October festival in Maria Lourdes.

+++ Kindly bring your personal Muthukkudas for the Rosary Procession.

*Verleger : Steephen Chevookaran, Media & Communications for the Indian Catholic Community*